''തേരി ആംഖോം കേ സിവ
ദുനിയ മേം രഖാ ക്യാ ഹേ!
.........മേരേ ജീനാ മേരാ മർണാ ഇൻഹീം പൽകോം കേ തലെ...''

ആലുവാ പെരിയാർ തീരത്തെ കുഞ്ഞോളങ്ങളിൽ കുളിരായി പകർന്ന് മീറ്റ് മുന്നേറിയ സമയത്ത് കരുതി വച്ചൊരു മുത്താകട്ടെ പുതുവർഷാരംഭത്തിന്റെ ദള വാഹിനി.

വിവിധ ബാങ്കുകളുടെ കേളീഗൃഹമായ കുടുംബ സംഘം. ഒത്തു കൂടുന്ന വേളകളിലാകെയും സംഗീതമഴയുടെ അണിമുറിയാത്ത പ്രവാഹം. അലഹബാദ്, സ്റ്റേറ്റ്, സെൻട്രൽ, ഫെഡറൽ ഇങ്ങിനെ അവരിലൊരമ്മയൊഴികെ ഏവരും ബാങ്കർമാരും. അവരാകെയും പാട്ടിനെ പുല്കിയവരും. അവരിലെ ഫെഡറൽ ആനന്ദിനെ പരിണയിച്ച സെന്ട്രലെെറ്റ് ഉത്ര മുന്നേ നമ്മുടെ പ്രതിഭാദളവുമായി.

പുതുവർഷത്തിന്റെ ആദ്യവാരത്തിലെ താരത്തെ സസന്തോഷം അവതരിപ്പിക്കുന്നു

ആനന്ദ്. ആർ
ഫെഡറൽ ബാങ്ക്
മണ്ണാർക്കാട്.

''പതിനാറു വർഷം മുമ്പു നിന്നു പോയ ശാസ്ത്രീയ സംഗീത പഠനം തുടരുവാൻ ആലുവ മീറ്റ് പ്രചോദനമായി''.

തന്റെ സംഗീത സാധകത്തിന്റെ തുടർപ്രവാഹം തിരികെപ്പിടിച്ച സന്തോഷം ആനന്ദിന്റെ ഓരോ വാക്കിലും അലയടിച്ചു.

അലഹബാദ് ബാങ്കിൽ നിന്നു വിരമിച്ച ശ്രീ.ടി.എസ്.രാമചന്ദ്രൻ-സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നു വിരമിച്ച ശ്രീമതി ടി.കെ.തെെലാംബാൾ ദമ്പതികളുടെ മകനായി ആലുവയിൽ ജനനം.

ബാങ്കർമാരായ മാതാപിതാക്കളുടെ പരിലാളനയിലെ പരിമിതികളേറ്റു വാങ്ങിയ ബാലനിലെ പാട്ടുകാരനെ കണ്ടെത്തിയതൊ, മുത്തശ്ശിയും! അക്ഷരം കൂട്ടി ചൊല്ലുവാനായപ്പോഴേക്കും സംഗീതപഠനവും തുടങ്ങി, ആദ്യ ഗുരുക്കൾ ഉദ്യോഗമണ്ഡൽ വിജയകുമാറും പാറേക്കാട്ടിൽ ജയകുമാറും.

പാട്ടിന്റെ വഴിയിൽ വിവിധ ഭാഷാഗാനങ്ങളിൽ കമ്പമേറിയ കൗമാര-യൗവ്വനകാലം ആലുവയിൽ തളിരിട്ടു പൂവിട്ടു പടർന്നു വികസിച്ചു.

ആലുവ സെന്റ് ജോൺസ് സ്കൂൾ, തേവയ്ക്കൽ വിദ്യോദയ സ്കൂൾ എന്നിവയിലൂടെ തൃക്കാക്കര ഭാരത മാതാ കോളേജിലെ ബി.കോം ബിരുദപഠനവും കഴിഞ്ഞെത്തിയത് അങ്കമാലി ഫിസാറ്റ് ബിസിനസ്സ് സ്കൂളിൽžബാങ്കർമാരുടെ കാർമ്മികത്വത്തിൽ നടക്കുന്ന ആ മഹാകലാലയത്തിലെ എം.ബി.എ പഠന കാലത്ത് ക്യാംപസ് സെലക്ഷനിലൂടെ ഫെഡറൽ ബാങ്കിൽ ഓഫീസർ തസ്തികയിൽ ബാങ്കറായി.

വ്യത്യസ്തങ്ങളായ ഭൂമികയിൽ പരിലസിച്ചു പോരുന്ന വിവിധ ബാങ്കുകളിലെ ബാങ്കർമാർ ഒരു കൂരയിലൊരുമിക്കുന്ന ഇടമായി മാറി ആലുവയിലെ "കൃഷ്ണകൃപ". (വലിയമ്മ ജാനകി എസ് ബി ടിയിലും രണ്ടു അമ്മാവന്മാർ എസ് ബി ഐയിലുമായിരുന്നു). പഠന കാലമാകെ ഭ്രമം മലയാളം മെലഡിയോടായിരുന്നു.
"ഒന്നിനുമല്ലാതെഎന്തിനോ തോന്നിയോരിഷ്ടം..." തന്റെ സ്കൂൾ പഠന കാലത്തെ സിഗ്നേച്ചർ സോംഗായിരുന്നു. ക്രിസ്മസ് കരോൾ സംഘത്തിൽ മുൻ നിരയിലും.

ലളിത ഗാനങ്ങളിലൂടെ വിവിധ മത്സരങ്ങളിൽ വിജയിയായി. സ്റ്റാലിയൻസ് ബാലമേളയും അമ്മയുടെ ബാങ്കിന്റെ സർഗ കലോത്സവങ്ങളും സ്കൂൾĜകലാലയ വേദികളും പാട്ടിനാൽ ആനന്ദലയമൊരുക്കിയവൻ അനുമോദനങ്ങളേറെ ഏറ്റുവാങ്ങി. (സംഘാടക ചുമതലകളേറെ കൈെവന്ന ക്യാംപസ് കാലത്തെ പ്രതിഭയുടെ കൈെത്താങ്ങ് നമ്മുടെ ആലുവ മീറ്റിനും ചാരുതയേറ്റി എന്ന് സന്ദർഭവശാൽ കുറിക്കട്ടെ)

അടുത്ത കാലത്താണ് റാഫിയിലേക്കും മുകേഷിലേക്കും ശ്രദ്ധയൂന്നിയത്.

ഗുരുവായൂർ ചെമ്പൈ സംഗീതോത്സവത്തിലും നാട്ടിലെ വിവിധ ശാസ്ത്രീയ സംഗീത സദസ്സുകളിലും ആനന്ദിലെ സ്വരവീചികൾ അനുരണനമായി പകർന്നു കയറി.

ഫോട്ടോഗ്രഫിയിലെ തല്പരതയിൽ നേടിയ ചെറുതല്ലാത്ത അംഗീകാരങ്ങളും ഈ പ്രതിഭയെ വ്യത്യസ്തനാക്കുന്നു. പാട്ടുകാരൻ സഹോദരൻ രാജേഷും (ഇപ്പോൾ കൊഗ്നിസന്റ് ഉദ്യോഗസ്ഥൻÄ കുടുംബവും കൂടിയാകുമ്പോൾ പാട്ടുകൂടാരം രാഗലയതാളത്തിലൂയലാടും.

ഇവിടേക്കാണ് ഫെഡറൽ ബാങ്കിലെ തന്നെ ശ്രീ എ.രാമകൃഷ്ണന്റെയും ഗൃഹഭരണവും പാട്ടും ഹൃദിസ്ഥമാക്കിയ ശ്രീമതി ഉമാ

മഹേശ്വരിയുടേയും മകളായ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ഉദ്യോഗസ്ഥയായ ഉത്രയുടെ രംഗപ്രവേശം.

ആനന്ദിനു സഖിയായി വന്നു ചേർന്ന ഉത്ര ആർ്കൃഷ്ണൻ നമ്മുടെ പ്രതിഭാ പരിചയ ദളങ്ങളിലെ മിന്നും താരവും! ഉത്രയും ആനന്ദും ചേരുന്ന ഈ ദളം, ബാങ്കർ പ്രതിഭാ ദമ്പതികൾ ഒന്നിക്കുന്ന രണ്ടാമതു ദളവുമാകുന്നു, രഞ്ജിനി-രഞ്ജിത് ദ്വയങ്ങൾക്കു പിന്നാലെ.

ബാങ്കർ ബന്ധം അവിടെയും അവസാനിക്കുന്നില്ല; ഉത്രയുടെ സഹോദരൻ ഫെഡറൽ ബാങ്കിലെ തന്നെ ആനന്ദ് ആർ കൃഷ്ണനും പാട്ടുകാരൻ്ഇവരെല്ലാം ചേർന്ന ബാങ്കർ സംഘം ഒത്തു കൂടുന്ന നവരാത്രികാലം പ്രതിഭകളുടെ
സ്വരമാധുരിയാൽ നവം നവങ്ങളാകുന്നു.

സിന്ധു ഭൈരവികൾ സ്വച്ഛന്ദമാക്കിയ ആനന്ദ് - ഉത്ര കല്ലോലിനിയിലെ മോഹനരാഗങ്ങളായി ആറു വയസ്സുകാരൻ അഭിരാമും എട്ടുമാസത്തിന്റെ തളിരായി ആദിത്യനും ഇമ്പമേറ്റുന്നു. ഒന്നിൽ പഠിക്കുന്ന അഭിരാം അച്ഛന്റെ ആദ്യഗുരുവായ ഉദ്യോഗമണ്ഡൽ വിജയകുമാറിൽ നിന്നു സംഗീതം അഭ്യസനവും തുടങ്ങി.

2010 ൽ ഫെഡറൽ ബാങ്കിന്റെ ചിറ്റാർ ശാഖയിൽ തുടങ്ങിയ ബാങ്കർ ജീവിതം കോട്ടയം പാമ്പാടി വഴി ബാങ്കിന്റെ മാനവശേഷി വികസന വകുപ്പിലെത്തിച്ചു.

2012 മുതൽ 2017 വരെയുള്ള മാനവശേഷി വകുപ്പിലെ പ്രവർത്തനം കൈവരുത്തിയത് അമൂല്യമായ അനുഭവ സമ്പത്താണെന്ന് സാഭിമാനം, ആനന്ദ്.

വിവിധ മാനവശേഷി വികസന പ്രോഗ്രാമുകളിലൂടെ തന്റെ സ്പോർട്ട്സ് ആരാധനയും ഇഴ ചേർന്നു ഫലവത്താക്കിയ ഒരു കരിയർ ആയിരുന്നു ഈ എച്ച്.ആർ കാലം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികാസം പൂണ്ട ഇക്കാലത്ത് മാനവശേഷി പുതിയ മാനങ്ങളിലേക്കുയർത്തുവാന് ബാങ്ക് നല്കുന്ന വിവിധ വേദികളിൽ പങ്കാളിയാകുവാൻ ആനന്ദിന് അവസരമുണ്ടായി.

ഇപ്പോൾ മണ്ണാർക്കാട് ശാഖയിൽ മാനേജർ ്ഓപ്പറേഷൻസ്).

ആലുവ ടാലന്റഡ് ബാങ്കർ മീറ്റ് സംഘാടക സമിതിയുടെ ഊടും പാവുമായി മാറിയ ആനന്ദ് വീണ്ടും പറഞ്ഞു.

"പതിനാറു വർഷമായി നിറുത്തി വച്ച സംഗീത പഠനം തുടരുന്നതിന്

പ്രേരണ നല്കിയത് ടാലന്റഡ് ബാങ്കേഴ്സ് എന്ന നമ്മുടെ കൂട്ടായ്മയാണ്".

അതെ ടാലന്റഡ് ബാങ്കേഴ്സ് എന്ന കൂട്ടായ്മയും കടപ്പെട്ടിരിക്കുന്നു.

പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന കൂട്ടായ്മയുടെ എല്ലാപേർക്കും ആനന്ദദായകമായ പുതു വർഷം ആശംസിച്ചു കൊണ്ട് ഈ ദളം സമർപ്പിക്കുന്നു.

## English Version

"Teri ankhon ke siva duniya mein rakha kya hai! Mera jeena mera marna inhi palkon ke thale"

As we ring in the new year we write about our precious pearl of a person whom we discovered at the talented banker's meet held at Aluva.

We had already presented the centralite Smt.Uthra from his banking family which includes members from Allahabad, State, Central and Federal banks ,in one of our previous editions.

We proudly present the first talent of this new year.

Anand R,
Federal Bank
Mannarkad

" The talented banker's meet was a motivation for me to continue my passion for music from which l had taken a break since the last sixteen years."

You could know the excitement in Anand's voice when he gushed on about continuing his passion in music

Anand was born in Aluva to Sri.Ramachandran, a retiree from Allahabad and Smt.T K Lalithambal, a retiree of State Bank of Travancore.

As he grew up within the limitations of having banker parents, it was his grandmother who discovered his talent in music. By the time he learnt his first words, he had begun learning music, his first gurus being Udyogamandal Vijayakumar and Parekkattil Jayaram.

He would follow songs from different languages during his younger days at Aluva.

He did his schooling at St John's school, Aluva and Vidyodaya school, Thevakkal after which he did his graduation in B.Com from BMC Thrikkakara and later at FISAT Business school,

Angamaly. While doing MBA at this institution run by banker's, he got recruited as an officer at Federal Bank through campus placement.

His family home fondly named "Krishnakripa" was a haven of banking members with his aunt employed at SBT and two uncles employed at SBI. During his school days, he was passionate about Malayalam melody songs, his signature song being "Onninumallathe enthino thonniyorishtam". He was at the forefront for Christmas carols.

He won several competitions in light music. He won many accolades through his participation in the musical events conducted by his mother's Bank and Stallions bank mela. His organising capabilities of his campus days came in handy during our talented banker's meet as well.

He had turned to Rafi and Mukesh songs only recently.

His songs have reached the Chembai music festival at Guruvayur and different classical music concerts in his home town as well.

His interest in photography has also been well rewarded. His brother, Rajesh employed with Cognizant adds to the musical family.

Anand's wife Uthra is the daughter of Sri.A Ramakrishnan (Federal Bank) and Smt Uma Maheswari, a homemaker.

Uthra has been presented in our talented banker's column before and the couple readily follow the title of a talented banker couple right behind Renjini and Renjith.

Uthra's brother, Anand R Krishnan is also employed at Federal Bank and loves music.

Anand's family is complete with their 6 year old son, Abhiram and 8 month old son Adithya. Abhiram had followed his father's steps in learning music from his father's first guru, Udyogamandal Vijayakumar.

Beginning his banking career in 2010 at Chittar branch of Federal Bank, he has reached the bank's HR department after his stints at Kottayam, Pambadi branches. He cherished the experience gained at the HR department between 2012 and 2017. He was able to blend in his interest in sports through several HR developement programmes. He is also proud that he could contribute to the different avenues that the department has developed in this age of artificial intelligence.

He is now the Manager (Operations) at Mannarkad branch.

Anand is grateful to the talented banker's community for reviving his passion in music after a gap of 16 years and we are equally grateful to him for his role in our group.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Gayathry T R (Gayathry Tr) , State Bank of India, Thejaswini Branch, Thiruvananthapuram